## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4724** **29.6.2012-ൽ മറുപടിക്ക്**

### സമ്പൂർണ്ണ നിർമ്മൽ സ്റ്റേറ്റ് പദവി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
'' സി.പി. മുഹമ്മദ്
'' കെ. മുരളീധരൻ
'' ഹൈബി ഈഡൻ

എ) സംസ്ഥാനത്തെ സമ്പൂർണ്ണ നിർമ്മൽ സ്റ്റേറ്റ് പദവിയിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ സമ്പൂർണ നിർമ്മൽ പദവിയിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

i. നിർമൽ പുരസ്കാരം ലഭ്യമാകേണ്ട 19 ഗ്രാമ പഞ്ചായത്തുകളുടേയും 33 ബ്ളോക്ക് പഞ്ചായത്തുകളുടേയും സംസ്ഥാനതല സ്ഥിതിയവലോകന യോഗങ്ങൾ

ii. ഓരോ പഞ്ചായത്തിലുമുള്ള കുറവുകൾ കണ്ടെത്തലും അവ പരിഹരിക്കുന്നതിനുള്ള സമയ ബന്ധിത ആക്ഷൻ പ്ളാൻ തയ്യാറാക്കലും

iii. ഇനിയും ഗാർഹിക കക്കൂസുകൾ ആവശ്യമായ കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസ് നിർമ്മിക്കുവാൻ സഹായം. ഗാർഹിക കക്കൂസ് നിർമാണത്തിന് ബുദ്ധിമുട്ടുള്ള മേഖലകളിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സുകളുടെ നിർമ്മാണം.

iv. സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ കക്കൂസുകളുടെ നിർവഹണം പൂർത്തീകരണം

v. സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ കക്കൂസ് നിർമിക്കുന്നതിനുള്ള നടപടികൾ

vi. പ്രോജക്ട് പ്രകാരം പൂർത്തീകരിക്കുവാനുള്ള എല്ലാ സ്കൂൾ ടോയ്ലറ്റുകളുടേയും നിർവഹണം പൂർത്തീകരിക്കൽ

vii. ഇതിനകം നിർമ്മൽ പുരസ്കാരം ലഭ്യമായ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നുവെന്ന് ഉറപ്പിക്കുന്ന

തിനുള പ്രവർത്തനങ്ങളും, സ്ഥിര മായ വിലയിരുത്തലും

viii. ഓരോ പഞ്ചായത്തിനും ഒരു ചുമതലാ ഉദ്യോഗസ്ഥൻ

ix. പൊതു ശുചിത്വം ഉറപ്പാക്കുന്നതിന് വികേന്ദ്രീകൃത ഖരദ്രവ മാലിന്യ പരിപാലനത്തിന് പ്രോത്സാഹനം

ശക്തമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

ബി) മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ നേട്ടങ്ങൾ കൈവരിയ്ക്കുന്നതിനും അത് നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബി) മാലിന്യ സംസ്കരണം ഉൾപ്പെടെയുള കാര്യങ്ങളിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി നിർമൽ ഭാരത് അഭിയാൻ (മുൻ സമ്പൂർണ ശുചിത്വ യജ്ഞം) പദ്ധതിയിൻ കീഴിൽ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃതവും കേന്ദ്രീകൃതവുമായ ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് സഹായം ലഭ്യമാക്കും. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ഇതേ ആവശ്യത്തിന് ഗ്രാമ പഞ്ചായത്തിന്റെ പ്രോജക്ട് അടിസ്ഥാനത്തിൽ വിഭവ ലഭ്യതയ്ക്കു വിധേയമായി സഹായം നൽകുന്നതാണ്. ഈ രംഗത്ത് നേടിയ നേട്ടങ്ങൾ നിലനിർത്തുന്നതിനുള്ള സാങ്കേതിക പിന്തുണ, ശേഷീവികസന പരിശീലനങ്ങൾ, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ